**No.CEE/2242/2017/NPMDC-2017/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

## നാല് സ്വകാര്യ സ്വാശ്രയ നഴ്സിംഗ് കോളേജുകളിലേയ്ക്ക് ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരമുള്ള അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

ബഹു. കേരളാ ഹൈക്കോടതിയുടെ 36005, 37112, 36391/2017 എന്നീ റിട്ട് പെറ്റിഷനുകളിന്മേലുള്ള 15.11.2017, 17.11.2017, 20.11.2017 എന്നീ തീയതികളിലെ ഉത്തരവ് പ്രകാരം 4 സ്വകാര്യ സ്വാശ്രയ നഴ്സിംഗ് കോളേജുകളിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നതിന് ഉത്തരവായിരുന്നു. ഇതിലേയ്ക്ക് 2017-ലെ **ബി.എസ്.സി നഴ്സിംഗ്** റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ **27.11.2017 വൈകുന്നേരം 5** മണി വരെ ഓൺലൈനായി സമർപ്പിച്ച ഓപ്ഷനുകളുടെ അടിസ്ഥാനത്തിലുള്ള അലോട്ട്മെന്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. ഹോം പേജിൽ നിന്ന് വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടക്കേണ്ടതുമായ ഫീസ് **29.11.2017, 30.11.2017** എന്നീ തീയതികളിലൊന്നിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ **(SBI)** തിരഞ്ഞെടുത്ത ശാഖകളിലൊന്നിലോ, ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ ഒടുക്കി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ 30.11.2017 **വൈകുന്നേരം 5 മണിയ്ക്ക്** മുൻപായി ഹാജരായി പ്രവേശനം നേടേണ്ടതാണ്. തിരഞ്ഞെടുത്ത എസ്.ബി.ഐ. ശാഖകളുടെ ലിസ്റ്റ് മേൽപ്പറഞ്ഞ വെബ്സൈറ്റിൽ ലഭ്യമാണ്.

അലോട്ട്മെന്റ് ലഭിച്ച് നിശ്ചിത സമയത്തിനകം ഫീസ് ഒടുക്കാത്തതും കോളേജിൽ ഹാജരായി പ്രവേശനം നേടാത്തതുമായ വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് റദ്ദാകുന്നതാണ്.

കുറിപ്പ്: ഈ അലോട്ട്മെന്റിൽ മേൽപ്പറഞ്ഞ സ്വകാര്യ സ്വാശ്രയ നഴ്സിംഗ് കോളേജുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം വിദ്യാർത്ഥികൾ അതത് കോളേജുകളിൽ 2017 നവംബർ 30–ാം തീയതി വൈകുന്നേരം 5 മണിയ്ക്കുള്ളിൽ നിർബന്ധമായും അഡ്മിഷൻ നേടിയിരിക്കേണ്ടതും. പ്രസ്തുത കോളേജിൽ പഠനം തുടരേണ്ടതുമാണ്. അല്ലാത്ത പക്ഷം പ്രോസ്പെക്ടസ് ക്ലോസ് 13.(എ) പ്രകാരമുള്ള പിഴ ഒടുക്കാൻ ബാധ്യസ്ഥരായിരിക്കും. കൂടാതെ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടച്ച ഫീസ് ക്ലോസ് 12.7 പ്രകാരം തിരികെ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

നിശ്ചിത സമയത്തിനകം പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് 30.11.2017 വൈകുന്നേരം 5.30–ന് മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (**OAMS**) മുഖേന സമർപ്പിക്കേണ്ടതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
28.11.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**